# മലയാളം

ക്ലാസ്സ്- 4

## മഹിതം -റിവിഷൻ

മാർക്ക് 25

**I.ഉത്തരം എഴുതുക.** 5

**1. ഒരു ചെടിയും നട്ടുവളർത്തീ –**
**ലോണപ്പൂവെങ്ങനെ നുള്ളാൻ?** ഇത് ആരുടെ വരികൾ?

2. പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും എന്ന ചൊല്ലുകൊണ്ട് സൂചിപ്പിക്കുന്നതെന്താണ്?

3.പത്തായം എന്ന ലേഖനം എഴുതിയത് ആര് ?

4.ഓമനയുടെ നാവിൽ കൊതിയുടെ പെരുവെള്ളം വരുന്നത് എപ്പോഴാണ്?

5.ഓണം ചേർന്നുവരുന്ന നാല് പദങ്ങൾ എഴുതുക.

6. കൃഷിയുമായി ബന്ധപ്പെട്ട രണ്ട് പഴഞ്ചൊല്ലുകൾ എഴുതുക. 2

7. ഇന്ന് നമുക്ക് പത്തായങ്ങളെന്തിന്? എന്ന് ലേഖകൻ ചോദിക്കാൻ കാരണമെന്ത് ? 2

8. ഓണം വന്നാൽ എന്തൊക്കെ ചെയ്യാനാണ് ഓമന ഉദ്ദേശിക്കുന്നത് ? 2

**II. അർത്ഥം എഴുതുക.**

സാർവത്രികം, സുലഭം, ചാതുര്യം , അഴക് . 2

**III. പദം പിരിച്ചെഴുതുക.**

1.തുള്ളിയണഞ്ഞല്ലോ. 1

2.മെഴുകിയിരുത്തേണം.

## IV ശരിയായവ വരച്ചു യോജിപ്പിക്കുക.

5

| പഴയകാല കൃഷി ഉപകരണങ്ങൾ | ഉപയോഗങ്ങൾ |
|---|---|
| കലപ്പ | ജലസേചനത്തിന് |
| നകം | ധാന്യങ്ങൾ അളക്കുന്നതിന് |
| പറ | കാളകൾ അകന്നു പോകാതിരിക്കാനും ,കലപ്പ ഉറപ്പിക്കുന്നതിനും |
| തേക്കുകൊട്ട | നെല്ല് സംഭരിക്കുന്നതിന് |
| വല്ലവട്ടി | നിലം ഉഴുതുമറിക്കുന്നതിന് |

## V.അനുഭവക്കുറിപ്പ് തയ്യാറാക്കുക.

**ഓണവുമായി ബന്ധപ്പെട്ട് നിങ്ങളുടെ മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു അനുഭവം വിവരിക്കുക.** 3.

## VI .ആത്മകഥ എഴുതാം

3.

**ഉണ്ണി അടുക്കളയിൽ അമ്മയെ അന്വേഷിച്ചു ചെന്നപ്പോൾ 'അമ്മ അരി കഴുകുന്ന തിരക്കിലാണ് .**
**"ഉണ്ണീ"....ആരാണത് ? ഉണ്ണി ചുറ്റും നോക്കി .അതാ ഒരു അരിമണി.**
**ഉണ്ണി കൗതുകത്തോടെ അരിമണി കയ്യിലെടുത്തു. "നീ എങ്ങനെ ഇവിടെ വന്നു ?" ഉണ്ണി ചോദിച്ചു.**
**"ഉണ്ണിയുടെ അമ്മ അരിയെടുത്തപ്പോൾ തെറിച്ചു വീണതാണ്" അരിമണി പറഞ്ഞു . അരിമണിയുമായി ഉണ്ണി പുറത്തേക്ക് നടന്നു . അരിമണി ഉണ്ണിയോട് തന്റെ കഥ പറയാൻ തുടങ്ങി . എന്തൊക്കെ കാര്യങ്ങളാവാം അരിമണി ഉണ്ണിയോട് പറഞ്ഞത് ? അരിമണിയുടെ ആത്മകഥ എഴുതൂ.**